പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 376 28.05.2019 - ൽ മറുപടിക്ക്.

## റേഷൻ തട്ടിപ്പ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഇ-പോസിനെ നോക്കുകുത്തിയാക്കി സംസ്ഥാനത്ത് വീണ്ടും റേഷൻ തട്ടിപ്പ് നടത്തുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) | 2018 മെയ് മാസത്തിൽ 30% ലധികം മാനുവലായി റേഷൻ വിതരണം നടത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തി ലൈസൻസികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. വിരലടയാളം പതിയുന്നില്ല, OTP ലഭിക്കുന്നില്ല തുടങ്ങിയ കാരണങ്ങളാൽ റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിന് ആതന്റിക്കേഷൻ ഇല്ലാതെ തന്നെ റേഷൻ വിതരണം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. നിലവിൽ ഇത്തരത്തിലുള്ള പരാതികൾ താരതമ്യേന കുറവാണ്. |
| (ബി) സെർവർ തകരാർ, വിരലടയാളം പതിയുന്നില്ല, മൊബൈൽ ഒ.ടി.പി. കിട്ടുന്നില്ല തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് ഇ-പോസിനെ മറികടന്ന് ചില വ്യാപാരികൾ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിക്കുകയുണ്ടായോ; | | |
| (സി) ഇത്തരത്തിൽ 2019 ഏപ്രിൽ മാസത്തിൽ മാത്രം 1.56 ലക്ഷം കാർഡ് ഉടമകൾക്ക് വിരലടയാളം സ്വീകരിക്കാതെ നേരിട്ട് റേഷൻ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) | 2019 ഏപ്രിൽ മാസത്തിൽ 194377 കാർഡുകൾക്ക് വിരലടയാളമോ OTP യോ സ്വീകരിക്കാതെ റേഷൻ വിതരണം നടത്തിയിട്ടുണ്ട്. സാങ്കേതികമായ തകരാറുകൾ മൂലം റേഷൻ എന്ന അവകാശം മുടങ്ങാതിരിക്കുന്നതിനാണ് ഇത്തരത്തിൽ മാന്വൽ വിതരണം അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത രീതിയിൽ വിതരണം ചെയ്ത ഭക്ഷ്യധാന്യം കരിഞ്ചന്തയിലേക്ക് കടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ ഇതിൽ എത്ര കാർഡ് ഉടമകളുടെ ഭക്ഷ്യധാന്യം കരിഞ്ചന്തയിലേക്ക് കടത്തിയിട്ടുണ്ടെന്നുള്ളത് സംബന്ധിച്ച് പരിശോധിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**